# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

**കെ. എൻ. വേണുഗോപാലൻ കർത്ത**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: **0481- 2731020, 2732650,**
മൊബൈൽ: **9846720402**

പി.ആർ.ഒ/36/22/2018 2018 ജനുവരി 31

## പത്രക്കുറിപ്പ്

### ഒന്നാം സെമസ്റ്റർ യു.ജി. പരീക്ഷാ തീയതികളിൽ മാറ്റം

ഫെബ്രുവരിയിൽ നടത്തുവാൻ നിശ്ചയിച്ചിരുന്ന ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്. (2017 അഡ്മിഷൻ റഗുലർ), സി.ബി.സി.എസ്.എസ്. (2013 – 2016 അഡ്മിഷൻ ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷകളുടെ തീയതി പുതുക്കി നിശ്ചയിച്ചു. പുതുക്കിയ ടൈംടേബിൾ സർവ്വകലാശാലാ വെബ് സൈറ്റിൽ ലഭ്യമാണ്.

### യു.ജി./പി.ജി. പ്രൈവറ്റ് രജിസ്ട്രേഷൻ

2017-18 വർഷത്തിൽ ബിരുദ/ബിരുദാനന്തര ബിരുദ കോഴ്സുകളുടെ പ്രൈവറ്റ് രജിസ്ട്രേഷന് 3000 രൂപ സൂപ്പർഫൈനോടുകൂടി ഫെബ്രുവരി 15 വരെ അപേക്ഷകൾ സ്വീകരിക്കും.

### അപേക്ഷാ തീയതി

സ്കൂൾ ഓഫ് ഇന്ത്യൻ ലീഗൽ തോട്ടിലെ ഒന്നാം സെമസ്റ്റർ ത്രിവത്സര എൽ.എൽ.ബി. (4 pm to 9 pm, സപ്ലിമെന്ററി) പരീക്ഷകൾ ഫെബ്രുവരി 27ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഫെബ്രുവരി 5 വരെയും 50 രൂപ പിഴയോടെ 6 വരെയും 500 രൂപ സൂപ്പർഫൈനോടെ 9 വരെയും സ്വീകരിക്കും. പേപ്പറൊന്നിന് 20 രൂപ വീതം (സെമസ്റ്ററിന് പരമാവധി 100 രൂപ) സി.വി. ക്യാമ്പ് ഫീസായി പരീക്ഷാഫീസിന് പുറമെ അടയ്ക്കണം.

ഒന്നാം വർഷ എം.എസ്.സി. മെഡിക്കൽ മൈക്രോബയോളജി (2016 അഡ്മിഷൻ റഗുലർ) ഡിഗ്രി പരീക്ഷ ഫെബ്രുവരി 21ന് ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഫെബ്രുവരി 5 വരെയും 50 രൂപ പിഴയോടെ 6 വരെയും 500 രൂപ സൂപ്പർഫൈനോടെ 9 വരെയും സമർപ്പിക്കാം.

### പരീക്ഷാ തീയതി

ഒന്നും രണ്ടും മൂന്നും സെമസ്റ്റർ മാസ്റ്റർ ഓഫ് അപ്ലൈഡ് സയൻസ് ഇൻ മെഡിക്കൽ ഡോക്യുമെന്റേഷൻ (പഴയ സ്കീം 2009ന് മുമ്പുള്ള അഡ്മിഷൻ) കോഴ്സിന്റെ അവസാന മേഴ്സി ചാൻസ് പരീക്ഷ ഫെബ്രുവരി 20ന് ആരംഭിക്കും.

### അസ്പയർ സ്കോളർഷിപ്പ്

കോളേജ് വിദ്യാഭ്യാസ വകുപ്പ് നൽകുന്ന അസ്പയർ സ്കോളർഷിപ്പിനുള്ള അപേക്ഷകൾ ഓൺലൈനായി ഫെബ്രുവരി 1 മുതൽ 18 വരെ www.dcescholarship.kerala.gov.in എന്ന വെബ് സൈറ്റിൽ സമർപ്പിക്കാവുന്നതാണ്. കോളേജുകളിലെയും സർവ്വകലാശാലാ പഠനവിഭാഗങ്ങളിലെയും മേലധികാരികൾ അസ്പയർ സ്കോളർഷിപ്പ് സംബന്ധിച്ച വിശദാംശങ്ങൾ വിദ്യാർത്ഥികളെ അറിയിക്കേണ്ടതും ആവശ്യമായ സാങ്കേതിക സഹായം നൽകേണ്ടതുമാണ്. ഓൺലൈൻ രജിസ്ട്രേഷനായി സ്ഥാപനത്തെയും കോഴ്സുകളെയും സംബന്ധിച്ച വിവരങ്ങൾ സ്റ്റുഡന്റ് ഓൺലൈൻ രജിസ്ട്രേഷൻ വെബ്സൈറ്റിൽ സ്ഥാപന മേധാവികൾ ഉൾപ്പെടുത്തേണ്ടതാണ്. വിശദവിവരങ്ങൾക്ക് ഫോൺ: 0471 – 2306580. ഇമെയിൽ: dceaspire2018@gmail.com.

### പ്രാക്ടിക്കൽ

അഞ്ചാം സെമസ്റ്റർ ഡി.ഡി. എം.സി.എ. (റഗുലർ/സപ്ലിമെന്ററി) ജനുവരി 2018 പരീക്ഷയുടെ പ്രാക്ടിക്കൽ ഫെബ്രുവരി 5 മുതൽ 14 വരെ തീയതികളിൽ നടത്തും. വിശദമായ ടൈംടേബിൾ സർവ്വകലാശാലാ വെബ്സൈറ്റിൽ ലഭ്യമാണ്.

**<u>സൂക്ഷ്മപരിശോധനയ്ക്ക് ഹാജരാകണം</u>**

2017 മെയ് മാസം നടത്തിയ നാലാം സെമസ്റ്റർ എം.എസ്.സി. മാത്തമാറ്റിക്സ്, കമ്പ്യൂട്ടർ സയൻസ്, ബയോകെമിസ്ട്രി, മൈക്രോ ബയോളജി, ബയോടെക്നോളജി, ഇലക്ട്രോണിക്സ് എന്നീ പരീക്ഷകളുടെ ഉത്തരക്കടലാസ് സൂക്ഷ്മപരിശോധനയ്ക്ക് അപേക്ഷിച്ചവർ ഫെബ്രുവരി 2, 3 തീയതികളിൽ തിരിച്ചറിയൽ രേഖ സഹിതം സർവ്വകലാശാലാ പരീക്ഷാഭവനിൽ (റൂം നമ്പർ 226) ഹാജരാകണം.

**<u>പരീക്ഷാഫലം</u>**

2017 ഏപ്രിൽ/മെയ് മാസങ്ങളിൽ നടത്തിയ ഒന്നു മുതൽ നാലു വരെ സെമസ്റ്റർ ബി.എഫ്.ടി. (ഓഫ് കാമ്പസ്, സി.ബി.സി.എസ്.എസ്. സപ്ലിമെന്ററി & പ്രീ സി.ബി.സി.എസ്.എസ്. - സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 12 വരെ അപേക്ഷിക്കാം.

2017 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. മൈക്രോബയോളജി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 12 വരെ അപേക്ഷിക്കാം.

2017 ജൂണിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. ഫുഡ് ടെക്നോളജി ആന്റ് ക്വാളിറ്റി അഷ്വറൻസ് (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 12 വരെ അപേക്ഷിക്കാം.

2017 ജനുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്.സി. മാത്തമാറ്റിക്സ് (സി.എസ്.എസ്.) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 16 വരെ അപേക്ഷിക്കാം.

2017 ജൂലൈ മാസം നടത്തിയ രണ്ടാം വർഷ ബാച്ച്ലർ ഓഫ് ഫിസിയോ തെറാപ്പി (2015 അഡ്മിഷൻ റഗുലർ, 2008 - 2014 അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷയുടെ ഫലം പ്രസിദ്ധപ്പെടുത്തി. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഫെബ്രുവരി 12 വരെ അപേക്ഷിക്കാം.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**